## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 614 — 07-01-2014 ലെ മറുപടിയ്ക്ക്

## 2012-13-ലെ നികുതി വളർച്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഹംസ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| എ) | 2012-13 സാമ്പത്തിക വർഷത്തേക്ക് എത്ര ശതമാനം നികുതി വളർച്ചയാണ് ലക്ഷ്യമിട്ടിരുന്നത് ; | എ) & ബി) | 2012-13ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെ 20% നികുതി വളർച്ചയാണ് ലക്ഷ്യമിട്ടിരുന്നത്. മുൻ സാമ്പത്തിക വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 2012-13 സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് 16.43 ശതമാനമാണ്. |
| ബി) | 2012-13 വർഷത്തിൽ എത്ര ശതമാനം നികുതി വളർച്ച കൈവരിച്ചിട്ടുണ്ട് ; | | |
| സി) | ലക്ഷ്യമിട്ട വളർച്ചയും നേടിയ വളർച്ചയും തമ്മിലുള്ള അന്തരം എത്രയാണെന്ന് വ്യക്തമാക്കാമോ ; കാരണം വിശദമാക്കാമോ ; | സി) | 3.57 ശതമാനം. സംസ്ഥാനത്തെ എക്സൈസ് ഡ്യൂട്ടി, സ്റ്റാമ്പ്സ് & രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നുള്ള വരുമാനത്തിൽ കുറവ് വന്നതാണ് പ്രധാനമായും അന്തരമുണ്ടാകാൻ കാരണം. |
| ഡി) | നികുതി വളർച്ചയിൽ ഉണ്ടായ ഇടിവ് പരിഹരിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | ഡി) | നികുതി വളർച്ചയിൽ ഉണ്ടായ ഇടിവ് പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1) നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും.<br>2) ചെക്ക് പോസ്റ്റ് പരിശോധന കർശനമാക്കും.<br>3) നികുതി കുടിശ്ശിക വരുത്തുകയോ റിട്ടേൺസ് ഫയൽ ചെയ്യാതിരിക്കുകയോ ചെയ്യുന്ന വ്യാപാരികളുടെ ചരക്കുകൾ ചെക്ക് പോസ്റ്റുകളിൽ പിടിച്ചിടാൻ നിർദ്ദേശം നൽകും.<br>4) പ്രധാന വ്യാപാരികളുടെ വാർഷിക റിട്ടേണുകൾ 13, 13എ വകുപ്പുകൾ പ്രകാരമുള്ള ഓഡിറ്റ് സ്റ്റേറ്റുമെന്റുമായി ഒത്തുനോക്കി വ്യതിയാനങ്ങൾ കാണുന്നപക്ഷം നികുതി പുനർനിർണയത്തിന് നടപടിയെടുക്കും.<br>5) പ്രഥമദൃഷ്ട്യാ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുള്ള വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തും.<br>6) കേന്ദ്ര വിൽപ്പന നികുതി പ്രകാരം നികുതിയിളവ് ലഭ്യമാക്കുന്നതിനായി സി.ഫോം ഫയൽ ചെയ്യേണ്ടതുണ്ട്. അത് ചെയ്യാതെ നികുതിയിളവ് ക്ലെയിം ചെയ്യുന്ന വ്യാപാരികൾക്കെതിരെ നികുതി |

പുനർനിർണയം നടത്തി അധിക നികുതി ഈടാക്കും.

7) ഊടുവഴികളിലൂടെ അനധികൃതമായി ചരക്കു കടത്തുന്നത് കർശനമായി തടയുന്നതിനായി വാണിജ്യനികുതി ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്.

8) വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി ആദായ നികുതി വകുപ്പ് കസ്റ്റംസ് & സെൻട്രൽ എക്സൈസ് വകുപ്പ് എന്നിവയിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് റിട്ടേണുമായി ക്രോസ് വെരിഫിക്കേഷൻ ചെയ്യുന്നതാണ്.

9) അഡ്വാൻസ് നികുതിക്കു വിധേയമായ ചരക്കുകളുടെ തറവില കമ്പോള വിലയുമായി ഏകീകരിക്കുന്നതാണ്.

10) വകുപ്പിൽ പുതുതായി Economic Intelligence Wing രൂപീകരിച്ചിട്ടുണ്ട്. കസ്റ്റംസ്. Central Excise Income Tax, DRI എന്നിവയിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് വ്യാപാരികളുടെ നികുതി റിട്ടേണുമായി ഒത്തുനോക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| ഇ) | നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു ; വിശദമാക്കാമോ ; | ഇ) | കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ ചെക്ക് പോസ്റ്റുകളും നിലവിൽ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഡിക്ലറേഷൻ സമർപ്പണം, നികുതി ഒടുക്കൽ മുതലായവയ്ക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാകുമെന്നതിനാൽ റിട്ടേൺ വെരിഫിക്കേഷൻ കുറച്ചുകൂടി കാര്യക്ഷമമാകും. സംസ്ഥാനത്ത് നിലവിൽ വാളയാർ, ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം, നടുപ്പുണ്ണി, കൂട്ടുപുഴ, ബംഗ്രമഞ്ചേശ്വരം എന്നീ ചെക്ക് പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ വെയ്ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ 300 കി.ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ലാറ്റ് ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളിലും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകൾ എല്ലാം സംയോജിത ചെക്ക് പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. അമരവിളയിൽ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. അഴിമതിരഹിത ചെക്ക് പോസ്റ്റുകൾ, സംയോജിത ചെക്ക് പോസ്റ്റുകൾ, പരിശീലന ക്ലാസ്സുകൾ, ഇന്റലിജൻസ് സ്ക്വാഡുകളും [illegible] സാന്നിദ്ധ്യം, ജോ[illegible] അടമാർ |

ത്ഥതയും സത്യസന്ധതയും പുലർത്തുന്ന ജീവനക്കാരുടെ നിയമനം തുടങ്ങിയവ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ നടപ്പാക്കിയിട്ടുണ്ട്.

എഫ്) ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

എഫ്) ഒരു ചെക്ക് പോസ്റ്റുകളിലും ഇതുവരെ സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**